# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560

ഫോൺ: 0481–2733370


## വാർത്താക്കുറിപ്പ്

**2024 ഓക്ടോബർ 10**

---

## പോളിമെർ സയൻസ് രാജ്യാന്തര സമ്മേളനം നവംബറിൽ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോസയൻസ് ആൻറ് നാനോ ടെക്നോളജി കസാഖ്സ്ഥാനിലെ സത്ബയേവ് സർവകലാശാലയുമായി ചേർന്ന് സംഘടിപ്പിക്കുന്ന പോളിമെർ സയൻസ് രാജ്യാന്തര സമ്മേളം നവംബർ എട്ടു മുതൽ പത്തു വരെ നടക്കും.

വിവിധ രാജ്യങ്ങളിൽനിന്നായി ഇരുന്നൂറിലധികം പ്രതിനിധികൾ പങ്കെടുക്കും. പോളിമെറുകൾ, നാനോ കോമ്പോസിറ്റുകൾ, ബയോ കോമ്പോസിറ്റുകൾ എന്നിയുമായി ബന്ധപ്പെട്ട മേഖലകളിലെ നൂതന കണ്ടുപിടുത്തങ്ങൾ അവയുടെ പ്രയോഗ സാധ്യതകൾ തുടങ്ങിയവ ചർച്ച ചെയ്യുന്ന പരിപാടിയിൽ കസാഖ്സ്ഥാൻ, ഓസ്ട്രേലിയ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലെ വിദഗ്ധർ പാനൽ അംഗങ്ങളായിരിക്കും.

മികച്ച അവതരണങ്ങൾക്ക് പുരസ്കാരം നൽകും. വിശദ വിവരങ്ങൾ https://www.macromol.in/ICPCNB-2024 എന്ന ലിങ്കിൽ. പങ്കെടുക്കാൻ താത്പര്യമുള്ളവർ macromolecules@macromol.in എന്ന ഇമെയിൽ വിലാസത്തിൽ ബന്ധപ്പെടണം.
(പി.ആർ.ഒ/39/913/2024)

## സ്പെഷ്യൽ ടീച്ചർ ; വാക്–ഇൻ–ഇന്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ സ്പെഷ്യൽ ടീച്ചർ തസ്തികയിലെ രണ്ട് താത്കാലിക ഒഴിവുകളിൽ(മുസ്ലിം–1 എൻസിഎ, എൽസി/എഐ–1 എൻസിഎ) നിയമനത്തിനുള്ള വാക്–ഇൻ–ഇന്റർവ്യൂ ഒക്ടോബർ 23ന് വൈസ് ചാൻസലറുടെ ചേംബറിൽ നടക്കും.

സ്പെഷ്യൽ എജ്യുക്കേഷനിൽ ബിഎഡും(ഇന്റലക്ചൽ ഡിസെബിലിറ്റി) മാനസികവും ശാരീരികവുമായ വൈകല്യമുള്ള കുട്ടികൾക്കുവേണ്ടിയുള്ള അംഗീകൃത സ്ഥാപനത്തിൽ രണ്ടുവർഷത്തിൽ കുറയാത്ത അധ്യാപന പരിചയവുമുള്ളവരെയാണ് പരിഗണിക്കുന്നത്. 2024 ജനുവരി ഒന്നിന് 50 വയസ് കവിയരുത്. നിയമാനുസൃത വയസിളവ് അനുവദിക്കും.

പ്രതിമാസ വേതനം 25000 രൂപ. നിശ്ചിത സംവരണവിഭാഗങ്ങളിലെ ഉദ്യോഗാർഥികളുടെ അഭവത്തിൽ മറ്റ് സംഭരണ വിഭാഗങ്ങളിലുള്ളവരെയും അവരുടെ

അഭവത്തിൽ പൊതു വിഭാഗത്തിൽ പെട്ടവരെയും പരിഗണിക്കും.

ഒരു വർഷത്തേക്കാണ് നിയമനം. വാർഷിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സേവന കലാവധി നീട്ടാൻ സാധ്യതയുണ്ട്. വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷയും പ്രായം, വിദ്യഭ്യാസം, യോഗ്യത, പ്രവൃത്തിപരിചയം, ജാതി, അധിക യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ അസ്സലും പകർപ്പുകളും സഹിതം അഡ്മിനിസ്ട്രേഷൻ ബ്ലോകിലുള്ള എഡി എ 5 സെക്ഷനിൽ ഒക്ടോബർ 23ന് രാവിലെ 10.30ന് എത്തണം.
(പി.ആർ.ഒ/39/914/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

എഴാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ സപ്ലിമെന്ററി പുതിയ സ്കീം) പരീക്ഷകൾ നവംബർ അഞ്ചു മുതൽ നടക്കും. ഒക്ടോബർ 18 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 22 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 23 വരെയും അപേക്ഷ സ്വീകരിക്കും.

.........

അഞ്ചാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020,2021 അഡ്മിഷനുകൾ സപ്ലിമെന്ററി പുതിയ സ്കീം) പരീക്ഷകൾ നവംബർ നാലു മുതൽ നടക്കും. ഒക്ടോബർ 17 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 19 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 21 വരെയും അപേക്ഷ സ്വീകരിക്കും.

...................

മൂന്നാം സെമസ്റ്റർ ബിഎ, ബികോം പ്രൈവറ്റ് രജിസ്ട്രേഷൻ (സിബിസിഎസ് 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഒക്ടോബർ 25 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 28 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 30 വരെയും അപേക്ഷ സ്വീകരിക്കും.
(പി.ആർ.ഒ/39/915/2024)

## അഡീഷണൽ ലാംഗ്വേജ് പരീക്ഷ

മൂന്ന്, നാല് സെമസ്റ്റർ ബിഎ, ബികോം പ്രോഗ്രാമുകളുടെ(സിബിസിഎസ്എസ് 2012 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്-പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയിൽ അഡിഷണൽ ലാംഗ്വേജ് വിഷയങ്ങൾ ഉൾപ്പെടുത്തി. മൂന്നാം സെമസ്റ്ററിന്റെ ട്രാൻസ് ലേഷൻ ആന്റ് കമ്യൂണിക്കേഷൻ പരീക്ഷ ഒക്ടോബർ 25നും നാലാം സെമസ്റ്ററിന്റെ കൾച്ചർ ആന്റ് സിവിലൈസേഷൻ പരീക്ഷ നവംബർ 11നും നടക്കും.
(പി.ആർ.ഒ/39/916/2024)

## പരീക്ഷാ ഫലം

മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി കമ്പ്യൂട്ടർ സയൻസ്(2018 അഡ്മിഷൻ സപ്ലിമെന്ററി, 2015 മുതൽ 2017 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ജനുവരി 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധയ്ക്കും നിശ്ചിത ഫീസ് അടച്ച് 2015, 2016 അഡ്മിഷൻ വിദ്യാർഥികൾ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിലും 2017, 2018 അഡ്മിഷൻ വിദ്യാർഥികൾ ഓൺലൈനിലും ഒക്ടോബർ 24വരെ അപേക്ഷ നൽകണം.

(പി.ആർ.ഒ/39/917/2024)

## പരീക്ഷാ തീയതി

ഒന്നു മുതൽ ആറു വരെ സെമസ്റ്ററുകളിലെ എംസിഎ ഓഫ് കാമ്പസ്(സപ്ലിമെന്ററിയും മെഴ്സി ചാൻസും ഏപ്രിൽ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്ട്, മിനി പ്രോജക്ട് സെമിനാർ, വൈവ വോസി പരീക്ഷകൾ 2024 ഒക്ടോബർ 14, 15, 16, 17, 18, 21 തീയതികളിൽ ഇടപ്പള്ളിയിലെ സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.
(പി.ആർ.ഒ/39/918/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**